Sri. P. K. Dewer: May I know whether it will not affect the fishing stocks down this pond?

Sri. E. John Philipose: They are comparatively few in number; and it is a narrow area. Government are also considering this, and trying to see that as far as possible those rights are restricted, if at all they are to be restricted, only in the initial stage.

Sri. P. Balakrishnan Tampi: May I suggest the inclusion of the name of Mr. Udayabhanu in the Select Committee?

Sri. E. John Philipose: I was going to suggest his name myself, at first. I now move that a Select Committee consisting of Sri. Udayabhanu, Miss Mascarene, Sahib Bahadur Kunju Mohideen, Sri. P. K. Raman and Sri. Bhaskaran in addition to Sri. K. A. Atchuthan, Sri. Elias, Sri. Dewer and Sri. Alexander Vakayil, whose names I have already mentioned be constituted.

Sri. P. K. Dewer; May I ask the Hon'ble Minister whether there is any serious objection to leave this Bill to come up in the ordinary course, so that mature consideration may be given to it?

Mr. Speaker: If found necessary it can be recommitted.

Sri. E. John Philipose: As the Hon'ble Speaker suggested, if the Select Committee thinks that the Bill may be given some more time, it may be done then. But I personally think that if we sit down and discuss things we can submit the report in seven days. I don't think there will be much objection. I am saying that, advisedly because I know there are certain departmental difficulties in having two separate systems of law functioning in the State. The earlier we have a uniform law, the better. But, if the members of the Select Committee during this session think that they want time to study, it can be considered.

The quorum of the Select Committee shall be four.

Sri. N. Kunjuraman: I second it.

Mr. Speaker: The question is that the Travancore-Cochin Fisheries Bill be referred to a Select Committee consisting of the members proposed by the Minister in Charge of the Bill, and that the report of the Committee be submitted in seven days.

The motion was adopted.

The Travancore-Cochin Co-operative Societies Bill

Minister for Industries, Excise and Local Self-Government **(Sri. N. Kunjuraman):** I beg to introduce the Travancore-Cochin Co-operative Societies Bill

Minister for Finance and Revenue **(Sri. A. J. John):** I second the motion.

Mr. Speaker: The Bill is introduced.

ശ്രീ എൻ. കുഞ്ഞുരാമൻ: സർ, ഈ ബിൽ സെലക്ട് കമ്മിറ്റിക്കു അയയ്ക്കണമെന്നു അഭിപ്രായപ്പെട്ടതനുസരിച്ചുകൊണ്ടു ഇതിനെ സംബന്ധിച്ചു കുറെ കൂടുതൽ വാക്കുകൾകൂടി പറയുവാൻ ഞാനാഗ്രഹിക്കുന്നു. ഇന്നു ഈ സംസ്ഥാനത്തു രണ്ടു സഹകരണസംഘനിയമങ്ങൾ നിലവിലിരിക്കുന്നുണ്ട്. ഫ ഫ ഫ ഫ ചെ ൽ-ാം ആക്കായ തിരുവിതാംകൂർ സഹകരണസംഘനിയമം തിരുവിതാംകൂർ വിഭാഗത്തെയും, ഫ ഫ ഫ ന ചെ റ ന്യ-ാം ആക്കായ കൊച്ചി സഹകരണസംഘം ആക്ട് കൊച്ചി വിഭാഗത്തെയും ബാധിക്കുന്നു. ഈ രണ്ടു നിയമങ്ങളെയും ഏകീകരിച്ചു ഈ രാജ്യത്തു ഏകമാനം ബാധിക്കുന്ന ഒരു നിയമം കൊണ്ടുവരണമെന്നുള്ളതാണു ഇപ്പോൾ ഈ ബിൽ അവതരിപ്പിച്ചിരിക്കുന്നതിന്റെ പ്രധാന

LIBRARY ARCHIVES Kerala Legislative Assembly

[Sri. N. Kunjuraman]

ഉദ്ദേശം. നിലവിലിരിക്കുന്ന നിയമങ്ങളിൽനിന്നു ചില വ്യതിയാനങ്ങളും ചില സന്ദർഭങ്ങളിൽ പുതിയ വ്യവസ്ഥകളും ഈ ബില്ലിൽ വരുത്തിയിട്ടുണ്ട്. എന്നാൽ ഈ വ്യതിയാനങ്ങൾകൊണ്ടോ പുതിയ വ്യവസ്ഥകൾ ചേർത്തുകൊണ്ടോ മാത്രം സഹകരണസംഘങ്ങളുടെ പ്രവർത്തനത്തെ സംബന്ധിച്ചിടത്തോളം നേരിടാവുന്ന അവസ്ഥാന്തരങ്ങൾക്കു മുഴുവൻ പരിഹാരവും കണ്ടെത്തുവാൻ കഴിയുമെന്നു ഞാൻ പറയുന്നില്ല.

ഈ ബില്ലിലെ പൊതുതത്വങ്ങളെ സംബന്ധിച്ച്, സഹകരണസംഘങ്ങളിൽ ചിരകാലമായി പ്രവർത്തനം ചെയ്തു പരിചയവും ബന്ധമുള്ള ഈ നിയമസഭയിലെ അംഗങ്ങളിൽനിന്നു പ്രത്യേകമായും ബഹുമാനപ്പെട്ട മറ്റംഗങ്ങളിൽനിന്നു പൊതുവായും ശ്രദ്ധാർഹമായ കാര്യങ്ങൾ വരുന്നതു വളരെ സഹായകരമായിരിക്കുമെന്നുള്ളതിനു സംശയമില്ല. അങ്ങനെയുള്ള സഹായകരമായ നിർദ്ദേശങ്ങൾ ലഭിക്കുമെന്നും ഞാൻ പ്രതീക്ഷിക്കുന്നു. ഈ ബിൽ പ്രത്യേകമായി പറഞ്ഞാൽ, മറ്റു പ്രവിശ്യകളിൽ നിലവിലിരിക്കുന്ന നിയമങ്ങളെ അനുകരിച്ചാണു ഇവിടെയും ഡ്രാഫ്റ്റു ചെയ്തിട്ടുള്ളതു്. മദ്രാസിലെയും ബാംബെയിലെയും നിയമങ്ങൾക്കു, ഈ രാജ്യത്തെ പ്രത്യേക സാഹചര്യങ്ങൾക്കു അനുയോജ്യമായ രീതിയിൽ പല മാറ്റങ്ങളും വരുത്തിയാണു ഇപ്പോൾ ഈ ബില്ലു കൊണ്ടുവന്നിരിക്കുന്നതു്. ഇവിടെ ഈ ബില്ലിലെ പൊതുതത്വങ്ങളെപ്പറ്റി ചർച്ചചെയ്യുന്ന അവസരത്തിൽ ഈ സഭയിൽനിന്നും ലഭിക്കുന്ന പല നിർദ്ദേശങ്ങളും, സെലക്ട് കമ്മിറ്റി ഈ ബില്ലിനെപ്പറ്റി കൂലങ്കഷമായി ചർച്ചചെയ്യുന്ന അവസരത്തിൽ സഹായകരമായിരിക്കുമെന്നും ഞാൻ ഉദ്ദേശിക്കുന്നു. ബില്ലിനെപ്പറ്റി പൊതുവെ ഇതിൽ കൂടുതൽ എന്തെങ്കിലും പറയണമെന്നു ഞാൻ വിചാരിക്കുന്നില്ല. സാമാന്യമായി ബില്ലിൽ വരുത്തിയിട്ടുള്ള വ്യതിയാനങ്ങളെ സംബന്ധിച്ചു മാത്രമെ അല്പം ചിലതു പറയുവാൻ ഉദ്ദേശിക്കുന്നുള്ളൂ.

ഇന്നു നിലവിലിരിക്കുന്ന വ്യവസ്ഥകളനുസരിച്ചു ഒരംഗത്തിനു് ൫,൦൦൦ രൂപയിൽ കൂടുതൽ ഷെയർ ഒരു സൊസൈറ്റിയിൽ നിക്ഷേപിക്കുവാൻ പാടില്ല. എന്നാൽ ഇപ്പോൾ നിയമത്തിൽ വരുത്തിയിട്ടുള്ള ഭേദഗതി അനുസരിച്ചു ൫,൦൦൦ രൂപയോളം അതിന്റെ സംഖ്യ പരമാവധിയായി ക്ലിപ്തപ്പെടുത്തിയിട്ടുണ്ട്. സാമാന്യരീതിയിൽ നോക്കുമ്പോൾ ഈ വ്യവസ്ഥ ഒരുവക മുതലാളിത്തച്ചു കൊടുക്കുന്നില്ലേ എന്നു തോന്നിയേക്കാം. എന്നാൽ വാസ്തവം അതല്ല. സംഘങ്ങളിൽ പ്രവർത്തനത്തിനാവശ്യമായ മൂലധനം ഉണ്ടാക്കുന്നതിനു പുറമെ ചില പ്രത്യേക ചുറ്റുപാടുകളിൽ സാധാരണക്കാർക്കുതന്നെ ൫,൦൦൦ രൂപയോളം ഈ സംഘത്തിൽ നിക്ഷേപിക്കുവാനുള്ള സൗകര്യം ഉണ്ടാക്കികൊടുക്കുന്നതിനും കൂടി വേണ്ടിയാണു് ഇങ്ങനെ വ്യവസ്ഥചെയ്തിരിക്കുന്നതു്. പിന്നീടു നിർദ്ദിഷ്ടമായ വിവരങ്ങളടങ്ങിയ ഒരു രജിസ്റ്റർ സൂക്ഷിക്കുന്നതിനു നിലവിലിരിക്കുന്ന നിയമങ്ങളിൽ വ്യവസ്ഥയില്ല. ഇപ്പോൾ അതുകൂടി വ്യവസ്ഥചെയ്തിട്ടുണ്ട്. ചില അത്യാവശ്യസന്ദർഭങ്ങളിൽ, അല്ലെങ്കിൽ ചില പ്രത്യേക സാഹചര്യങ്ങളിൽ സൊസൈറ്റിയുടെ ഒരു ജനറൽ ബാഡ്ഡിമീറ്റിംഗ്ഗ് വിളിച്ചുകൂട്ടുന്നതിനു രജിസ്ട്രാക്കു അധികാരമുണ്ടായിരിക്കുന്നതാണു്. സൊസൈറ്റികൾ അമാൽഗമേറ്റു ചെയ്യുകയൊ, അല്ലെങ്കിൽ വിഭജിക്കുകയൊ ചെയ്യുന്നതിനെ സംബന്ധിച്ചു നിലവിലിരിക്കുന്ന നിയമങ്ങളിലുള്ള വ്യവസ്ഥകൾ വളരെ കഴപ്പമേറിയതാണു്. അതു മാറ്റി ഇപ്പോൾ ബാംബെയിൻ നിലവിലിരിക്കുന്ന മാതിരി ലഘുവായ വ്യവസ്ഥയാണു സ്വീകരിച്ചിരിക്കുന്നതു്. ഏതെങ്കിലും ഒരു കമ്പ

LIBRARY ARCHIVES Kerala Legislative Assembly

നിയിലൊ അതുപോലുള്ള സ്ഥാപനങ്ങളിലൊ ജോലിചെയ്യുന്ന സംഘംഗങ്ങൾം സൊസൈറ്റിക്കു അടച്ചുതീർക്കേണ്ട സംഖ്യ കമ്പനിയിൽനിന്നു അവർക്കു ലഭിക്കേണ്ടകുലിയിൽ നിന്നും ഈടാക്കുന്നതിനു സംഘവുമായി വ്യവസ്ഥചെയ്യാവുന്നതാണു്. ഇന്നു് നിലവിലിരിക്കുന്ന നിയമപ്രകാരം സൊസൈറ്റിയിലെ അംഗങ്ങൾക്കു മാത്രമെ പ്രാവിഡൻറ ഫണ്ടു് ലഭിക്കുവാൻ നിവ്വാഹമുള്ളു. സൊസൈറ്റിയിലെ ഉദ്യോഗസ്ഥന്മാർക്കുകൂടി പ്രാവിഡൻറ ഫണ്ടു അനുവദിച്ചുകൊണ്ടുള്ള വ്യവസ്ഥകളും ഈ ബി ല്ലിലുണ്ടു്. രജിസ്ട്രാക്കു ചില പ്രത്യേകാവസരങ്ങളിൽ വേണ്ടിവന്നാൽ സൊസൈറ്റികളെ സൂപ്പർസീഡു് ചെയ്യാനുള്ള അധികാരംകൂടി കൊടുത്തിട്ടുണ്ടു് നിലവിലിരിക്കുന്ന നിയമങ്ങളിൽ ഈ അധികാരം ഉണ്ടെങ്കിലും തിരുവിതാം കൂറിലെ നിയമത്തിൽ രജിസ്ട്രാക്കു സൂപ്പർസെഷനുള്ള കാലം മരു കൊല്ലവും ആവശ്യമുണ്ടെന്നു കണ്ടാൽ നീട്ടുവാനുള്ള കാലം രണ്ടുകൊല്ലവും ആയിരുന്നു. കൊച്ചിയിലേ നിയമത്തിൽ അവ യഥാക്രമം രണ്ടു കൊല്ലവും നാലുകൊല്ലവുമാണു്. ഇപ്പോഴത്തെ ബില്ലിൽ അതു യഥാക്രമം ഒരു കൊല്ലവും രണ്ടുകൊല്ലവുമെന്നായി ക്രമപ്പെടുത്തിയിട്ടുണ്ടു്. സൊസൈറ്റികൾം വൈൻഡപ്പു ചെയ്യുന്നതിനുമുൻപു്, സൊസൈറ്റികളുടെ രജിസ്ട്രേഷൻ ക്യാൻസൽ ചെയ്യണമെന്നാണു ഇന്നുള്ള വ്യവസ്ഥ. ഈ വ്യവസ്ഥനിമിത്തം പ്രായോഗികമായ പല വൈഷമ്യങ്ങളും ഉണ്ടായിട്ടുണ്ടു് അതുകൊണ്ടു വൈൻഡപ്പുചെയ്യുന്നതിനു സൊസൈറ്റികളുടെ രജിസ്ട്രേഷൻ ക്യാൻസൽ ചെയ്യുന്നതിനുമുൻപുതന്നെ വേണ്ട നടപടികൾം നടത്താമെന്നു രജിസ്ട്രാക്കു തോന്നിയാൽ അങ്ങനെ ചെയ്യാവുന്ന വ്യവസ്ഥകൂടി ഈ ബില്ലിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടു്. ലിക്വിഡേഷനെ സംബന്ധിച്ചും ചില കൂടുതൽ അധികാരങ്ങൾം ഇപ്പോഴത്തെ ബില്ലിൽ കൊടുത്തിട്ടുണ്ടു്. അതുപോലെതന്നെ കമ്പൽസറി അഫിലിയേഷൻ ആക്ട് സൊസൈറ്റിസിനെ സംബന്ധിച്ചും വ്യവസ്ഥചെയ്തിട്ടുണ്ടു്. ഈ വ്യവസ്ഥകൾക്കെല്ലാം പുറമെ ഇതിനോടു ബന്ധപ്പെട്ടു വരുന്നതും സഹായകങ്ങളുമായ മറവു നിർദ്ദേശങ്ങൾംകൂടി ബഹുമാനപ്പെട്ട അംഗങ്ങൾം നൽകുന്നപക്ഷം നിശ്ചയമായും അവ സ്വീകായ്യങ്ങൾംതന്നെയാണു്. അതിനാൽ ഞാൻ ഒരു സെലക്ടു് കമ്മിറ്റിയിലേക്കു ഈ ബിൽ അയയ്ക്കണമെന്നു അപേക്ഷിച്ചുകൊള്ളുന്നു.

At this stage Mr. Speaker vacated the chair which was then occupied by Mr. Deputy Speaker.

ശ്രീ. കെ. ആർ. ഇലങ്കത്തു് സർ, ഈ ബിൽ സെലക്ടു് കമ്മിറ്റിയിൽ വരുമ്പോൾ പഠിച്ചാലോചിക്കേണ്ട ചില പ്രത്യേക സംഗതികളെപ്പറ്റിയാണു് എനിക്കു പറയുവാനുള്ളതു്. ഈ ബില്ലിൽ ഏറ്റവും ആക്ഷേപകരവും പ്രതിഷേധാർഹവുമായി എനിക്കു് തോന്നുന്ന ഒരു വ്യവസ്ഥ [illegible] വകുപ്പാണു്. ഇതു് തത്പരമായും ജനകീയസ്ഥാപനങ്ങളെ നിയന്ത്രിക്കുന്ന രീതിയെ സംബന്ധിച്ചും പുരോഗമനപരമല്ലെന്നു മാത്രമല്ല, വളരെ പിൻതിരിപ്പൻകൂടിയായ, അഥവാ പ്രതിലോമപരമായ ഒരു വകുപ്പാണെന്നു പറയേണ്ടിവന്നതിൽ ഞാൻ വ്യസനിക്കുന്നു. [illegible] പാസാക്കിയ ആക്ടിൽ ഇതുപോലെയുള്ള ഒരു വ്യവസ്ഥയുണ്ടെന്നുള്ളതു വാസ്തവംതന്നെ. അന്നത്തെ നിയമസഭയിൽ ഈ വകുപ്പിനെ ഞാൻ ശക്തിപൂർവ്വം എതിർക്കുകയാണു് ചെയ്തതു്. ഏകാധിപത്യകാലത്തു് പാസാക്കപ്പെട്ടന്ന നിയമത്തിൽ ഇങ്ങനെയൊരു വ്യവസ്ഥ ഒരുപക്ഷെ ആവശ്യമായിരുന്നാൽതന്നെയും ജനകീയഭരണം നിലവലിരിക്കുന്ന ഈ ഘട്ടത്തിൽ പാസ്സാക്കുന്ന ഒരു നിയമത്തിൽ ഇങ്ങനെയൊരു വകുപ്പിന്റെ ആശാസ്യതയോ ആവശ്യമോ ഞാൻ കാണുന്നില്ല. ഈ വകുപ്പുമൂലം

LIBRARY ARCHIVES Kerala Legislative Assembly

[Sri. K. R. Elankath]

രജിസ്ട്രാരെ ഒരു സൂപ്പർ ഹിറ്റ്‌ലർ ആക്കിത്തീർക്കുകയാണു ചെയ്തിരിക്കുന്നതെന്നു പറയുന്നതിൽ തെറ്റില്ല. മുൻപു് രജിസ്ട്രാക്കു് കമ്മിറ്റികളെ സൂപ്പർസീഡുചെയ്യുവാനും സ്വന്തം കമ്മിറ്റികളെ രണ്ടുകൊല്ലത്തേയ്ക്കും പിന്നീടു വേണ്ടിവന്നാൽ നാലു കൊല്ലത്തേക്കും നിയ്യുവാൻ ഉണ്ടായിരുന്ന ആ കാലാവധി ഇപ്പോൾ ഒരു കൊല്ലവും, രണ്ടുകൊല്ലവുമായി കുറച്ചുകാണുന്നു. അതുകൊണ്ടു കാര്യമായില്ല. ഇങ്ങനെ കുറയ്ക്കണമെന്നു ഗവണ്മെൻറിനു് ഇപ്പോൾ തോന്നിയതുതന്നെ ഈ വകുപ്പിന്റെ പൊതുതത്വം ന്യായമല്ലെന്നും സ്വീകാര്യമല്ലെന്നും കണ്ടിട്ടായിരിക്കണം. പുതിയ വ്യവസ്ഥയനുസരിച്ചുള്ള അവസാനകാലാവധിയായ ഈ രണ്ടുകൊല്ലം കഴിഞ്ഞാൽ പ്രസ്തുത സംഘത്തിന്റെ ഭാവിപ്രവർത്തനം സംബന്ധിച്ചു് ഏതായാലും പുതിയ ഒരു തീരുമാനം ഉണ്ടാക്കേണ്ടിയിരിക്കുന്നു. അതിനു് ബില്ലിൽ വ്യവസ്ഥചെയ്തിട്ടുണ്ടു്. പ്രസ്തുത കാലാവധിക്കുശേഷം ഒരു പുതിയ കമ്മിറ്റിയെ തിരഞ്ഞെടുക്കുക എന്നതുതന്നെയാണു് ആ വ്യവസ്ഥ. പഴയ കമ്മിറ്റി ഈ പുതിയ കമ്മിറ്റിക്കു അധികാരം കൈമാറുവാൻ അഥവാ റിക്കാർഡുകളും മുതലുകളും നൽകുവാൻ വിസമ്മതിക്കുന്നപക്ഷം രജിസ്ട്രാർ ചുമതലപ്പെടുത്തിയ ആ ആളോ ആളുകളോ തന്നെ മജിസ്ട്രേട്ടിന്റെ മുൻപാകെ പരാതി ബോധിപ്പിച്ചു കോടതി മുഖാന്തിരം അതു വാങ്ങിക്കൊടുക്കുക എന്നതാണു് ആ വ്യവസ്ഥ. ഈ നടപടി എന്തുകൊണ്ടു് ആദ്യംതന്നെ സ്വീകരിക്കുവാൻ പാടില്ല എന്നാണു ഞാൻ ചോദിക്കുന്നതു് കുറച്ചു കാലതാമസം—ഒന്നോ രണ്ടോ കൊല്ലം—ഉണ്ടാക്കി ആ നിലയിൽ അവിടത്തെ വഴക്കു് ശാന്തപ്പെട്ടുകൊള്ളട്ടെ എന്നാണുദ്ദേശമെങ്കിൽ അതിനും ന്യായീകരണം കാണുന്നില്ല. എന്തെന്നാൽ സംഘംഗങ്ങളുടെ ഇടയിലുള്ള വഴക്കു് വർദ്ധിക്കുമോ കുറയുമോ ചെയ്യുന്നുള്ളതു് സംശയാസ്പദമാണു്. ഇത്രവലിയ അധികാരങ്ങളും ഒരു ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമാക്കി ജനകീയാടിസ്ഥാനത്തെ ഉലയ്ക്കുവാനുള്ള ഇത്തരം ഒരു വ്യവസ്ഥ ബില്ലിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതു് ഒട്ടും ശരിയല്ല. ചില സ്തംഭനാവസ്ഥകളിൽ അവയുടെ നിവാരണാർത്ഥം ഇതുപോലെ ചില വിശേഷാധികാരങ്ങളും നാം കാണുന്നുണ്ടു്. അങ്ങനെയുള്ള അധികാരങ്ങളും ഒരു രാഷ്ട്രത്തിന്റെ നിലനില്പിനു് അത്യന്താപേക്ഷിതമാണെന്നു് നമുക്കറിയാം. ഇൻഡ്യൻ ഭരണഘടനയിൽ പ്രസിഡൻറിനു് അങ്ങനെയുള്ള വിശേഷാധികാരങ്ങളും നൽകിയിട്ടുണ്ടു്. പക്ഷെ, അദ്ദേഹം തിരഞ്ഞെടുക്കപ്പെട്ട ആളാണെന്നു നാം ഓർക്കണം. കൂടാതെ രാഷ്ട്രത്തിന്റെ സ്തംഭനാവസ്ഥയും, പ്രാദേശികമായും സാമൂഹ്യമായും, സാമ്പത്തികമായും പ്രവർത്തിക്കുന്ന ഒരു സ്ഥാപനത്തിന്റെ സ്തംഭനാവസ്ഥയും തമ്മിൽ വ്യത്യാസമുണ്ടു്. അവയുടെ പരിഹാരമാർഗ്ഗത്തിനുള്ള വ്യവസ്ഥകളും വ്യത്യസ്തമായിരിക്കാവുന്നതാണു്. അഥവാ, ഏതെങ്കിലും ഒരു സ്ഥാപനം നടക്കാതിരിക്കത്തക്കവണ്ണം അത്രമാത്രം അധഃപതിച്ച ഒരവസ്ഥയാണു ഒരു സഹകരണ സ്ഥാപനത്തിനുള്ളതെങ്കിൽ അങ്ങനെയുള്ള [സൊസൈറ്റികളെ രജിസ്ട്രാക്കു് വൈൻഡപ്പു ചെയ്യുവാനുള്ള അധികാരം ബില്ലിൽ ഇ ഉ-ാംവകുപ്പു് മൂലവും, ക്യാൻസൽ ചെയ്യുവാനുള്ള അധികാരം ഇ ര-ാംവകുപ്പു് മൂലവും രജിസ്ട്രാക്കു് കൊടുത്തിട്ടുണ്ടു്. അതുകൊണ്ടു ഈ ര൯-ാം വകുപ്പു മുഴുവൻ എടുത്തുകളയണമെന്നുള്ള അഭിപ്രായമാണു എനിക്കുള്ളതു്. വേണമെങ്കിൽ മജിസ്ട്രേട്ടിന്റെ മുൻപാകെ പരാതി ബോധിപ്പിച്ചു ഒരു പുതിയ കമ്മിറ്റിക്കു് അധികാരം കൈമാറികൊടുക്കുവാൻ ഈ വകുപ്പിലുള്ള ആ വ്യവസ്ഥ മാത്രം ഉൾപ്പെടുത്താവുന്നതാണു്. അതൊഴികെ ബാക്കിയുള്ള ഭാഗം മുഴുവനും എടുത്തുകളയേണ്ടതാണു്.

LIBRARY ARCHIVES Kerala Legislative Assembly

പിന്നീട്, ക ര-ാം വകുപ്പിനെ സംബന്ധിച്ചാണ എനിക്ക അല്പം പറയുവാനുള്ളത്. ആ വകുപ്പ ഒരു ജനറൽ ബാഡി വിളിച്ചുകൂട്ടുവാനുള്ള അധികാരം രജിസ്ട്രാക്ക കൊടുക്കുന്നു. സിക്രട്ടറി ജനറൽ ബാഡി വിളിച്ചു ക്കൂട്ടാതിരിക്കുകയാണെങ്കിൽ, രജിസ്ട്രാക്കുതന്നെ ഒരു ജനറൽ ബാഡി വിളിച്ചു കൂട്ടാമെന്നാണ് ആ വകുപ്പ പറയുന്നത്. എന്നാൽ ഈ ബില്ലിലെ ക ര-ാം വകുപ്പിന്റെ (എ) ഉപവകുപ്പിൽ പറയുന്നു, ജനറൽ ബാഡി വിളിച്ചുകൂട്ടണമെങ്കിൽ ആകെയുള്ള ഒഴഹരിയംഗങ്ങളുടെ അഞ്ചിൽ ഒരു ഭാഗം ആളുകൾ ചേന്ന നോട്ടീസുകൊടുക്കണമെന്ന്. സർ, അങ്ങിനെ അഞ്ചിൽ ഒരു ഭംഗം അംഗങ്ങൾ ചേന്ന നോട്ടീസുകൊടുക്കുകയാണെങ്കിൽ പൊതുയോഗം വിളിച്ചുകൂട്ടാൻ സിക്രട്ടറി ബാദ്ധ്യസ്ഥനാണ്. അതിനു സിക്രട്ടറി തയാറില്ലെന്നു കണ്ടാൽ ആ അംഗങ്ങൾക്കുതന്നെ നോട്ടീസ് മൂലം യോഗം വിളിച്ചുകൂട്ടാൻ അധികാരമുണ്ടായിരിക്കണം. സിക്രട്ടറിയുടെയോ അംഗങ്ങളുടെയോ അനാസ്ഥ മൂലം യോഗം കൂടാതിരിക്കുന്നപക്ഷം ജനറൽ ബാഡി വിളിച്ചുകൂട്ടാനുള്ള അധികാരം യൂണിയനാണ കൊടുക്കേണ്ടതു്. യൂണിയനും അതു ചെയ്യുന്നില്ലെന്നു കാണുന്നെങ്കിൽ മാത്രമെ, രജിസ്ട്രാരുടെ അധികാരം പ്രയോഗിക്കേണ്ടതായിട്ടുള്ളൂ. ബില്ലിന്റെ ഈ വകുപ്പ്, രജിസ്ട്രാക്ക സർവ്വഅധികാരങ്ങളും ഒന്നാകെ പ്രയോഗിക്കാനുള്ള സൌകര്യം കൊടുക്കുന്നു. അധികാരം കൊടുത്തതിനെപ്പറ്റിയല്ല എന്റെ പ്രധാന ആക്ഷേപം. ജനറൽ ബാഡി വിളിച്ചുകൂട്ടുന്നതിനെ സംബന്ധിച്ചിടത്തോളം രജിസ്ട്രാക്കും കമ്മിറ്റിക്കും ഇടയ്ക്ക ഒരു ഇടക്കാല നടപടി കൂടി എടുക്കേണ്ടതിനെപ്പറ്റി ബില്ലിൽ ഒന്നും നിർദ്ദേശിച്ചുകാണുന്നില്ല. അതു് ഈ ബില്ലിന്റെ നിർമ്മാതാവിനു വിട്ടുപോയതൊ, അതൊ ശ്രദ്ധക്കുറവുകൊണ്ടൊ എന്നറിഞ്ഞില്ല. എതായാലും, ബില്ലു് ഭേദഗതി ചെയ്യുമ്പോൾ ഈ കാര്യം വിസ്മരിക്കരുതെന്നു ഞാൻ ഓർമ്മിപ്പിച്ചുകൊള്ളുന്നു.

അടുത്തതായി പറയാനുള്ളതു്, ഓഹരിയുടെ പരമാവധി സംഖ്യ ൫൦൦൦ ആയിരുന്നതു് ഇപ്പോൾ ൪൦൦൦ ആയിവഷ്ക്കിപ്പിച്ചിട്ടുള്ളതിനെപ്പറ്റിയാണ്. ഒരംഗത്തിനു ഓഹരിയായി കൂടുതൽ തുക സഹകരണസംഘത്തിൽ നിക്ഷേപിക്കാൻ സൌകര്യംഉണ്ടാക്കിക്കൊടുക്കുന്ന ഒരു മാർഗ്ഗമായിരിക്കാം ഇതു്. സർ, ഇതുസൊസൈറ്റികളുടെ ഉദ്ദേശംതന്നെ ഓരോപ്രദേശത്തുമുള്ളസാധുജനങ്ങളുടെ ഉന്നമനത്തിനുവേണ്ടി പ്രവത്തിക്കയാണല്ലൊ. ൪൦൦൦ രൂപവീതം ഓഹരിമൂലധനം എടുക്കുവാൻ കെൽപ്പുള്ള സാധുക്കൾ ഗ്രാമപ്രദേശങ്ങളിൽ അത്രവളരെ കാണുമെന്നു ഞാൻ വിചാരിക്കുന്നില്ല. അതുകൊണ്ടു് പരമാവധി ഓഹരിമൂലധനം ക ൦ ൦ ൦ രൂപ മതിയെന്നു വയ്ക്കുന്നതും നന്നായിരിക്കും. ഇടത്തരക്കാരും ധനികന്മാരും ഈ സംഘത്തിൽ മൻകൈ എടുത്തു പ്രവത്തിക്കാൻ ഉതകുന്ന ഒരു വ്യവസ്ഥയാണു് ഇതിൽ കൊള്ളിച്ചിരിക്കുന്നതു്. എന്നാൽ സാമാന്യരും സാധുക്കളുമായ അംഗങ്ങളുടെ അഭിപ്രായത്തിനു് പ്രാബല്യവും ഭൂരിപക്ഷപ്രാതിനിധ്യവുമുള്ള സംഘങ്ങളെ സൃഷ്ടിക്കുകയാണു് ഗവണ്മെൻറു ചെയ്യേണ്ടതു്. മറെറാന്നു്, ഇപ്പോൾ തിരുവിതാംകൂറിൽ പ്രാഥമികസംഘങ്ങൾ, താലൂക്ക യൂണിയനുകൾ, ഇതിനുംപുറമെ സെൻട്രൽ കോവാപ്പറേട്ടീവ് ഇൻസ്റ്റിട്ട്യൂട്ട് ഇങ്ങിനെയുള്ള സ്ഥാപനങ്ങൾ ഉണ്ടു്. അതുപോലെ പ്രൈമറി ക്രെഡിറ്റു് സൊസൈറ്റികൾ, താലൂക്കു് ബാങ്കുകൾ, സെൻട്രൽ ബാങ്കു് എന്നിവയുമുണ്ടു്. കൊച്ചി രാജ്യവുമായുള്ള സംയോജനത്തോടുകൂടി ഈ സംസ്ഥാനം ഇപ്പോൾ വിസ്തൃതമായ ഒരു രാജ്യമായിത്തീർന്നിരിക്കയാണു്. അതുകൊണ്ടു്, താലൂക്ക യൂണിയന്റെയും ഇൻസ്റ്റിട്ട്യൂട്ടിന്റെയും ഇടയ്ക്ക ഒരു ഡിസ്ട്രിക്ട് യൂണിയനും ബാങ്കിംഗ് യൂണിയനുകളും സ്ഥാപിക്കുന്നതായാൽ പണസംബന്ധമായുള്ള

LIBRARY ARCHIVES Kerala Legislative Assembly

[Sri. K. R. Elankath]

ഇടപാടുകൾക്കും കൂടുതൽ കാഴ്ചക്ഷമമായ പ്രവർത്തനത്തിനും അതു് വളരെ പ്രയോജനപ്പെടുമെന്നുള്ളതുകൂടി ഞാൻ ഈ അവസരത്തിൽ ഗവൺമെൻറിനെ ഉൽബോധിപ്പിക്കുന്നു. ബില്ലിൻെറ ആമൂലാഗ്രം പരിശോധിക്കുന്നതായാൽ വേറെയും ചില വ്യതിയാനങ്ങൾ വരുത്തേണ്ടതായിട്ടുണ്ടു്. എന്നാൽ ഇപ്പോൾ ഞാൻ അവയെപ്പറ്റി ഒന്നും പറയണമെന്നു് വിചാരിക്കുന്നില്ല. ആയതിനാൽ ഈ ബിൽ ഒരു സെലക്ടു് കമ്മിറ്റിക്കു് അയച്ചു് വേണ്ട ഭേദഗതികളോടുകൂടി സഭയിൽ അവതരിപ്പിക്കണമെന്നു് ഞാൻ അഭിപ്രായപ്പെടുന്നു.

Sri. P. Balakrishnan Tampi: I just rise to express my opinion regarding the powers that should be vested in the Registrar. Years ago when the Bill came up for discussion, it is true that my friend Mr. Elankath expressed his view that the Government should not interfere with these matters and it is also true that I spoke in some legislature which was in existence, that the Registrar under any scheme should be vested with the amplest powers to deal with people who have no respect for property law. I am not unaware of the fact that this co-operative movement contains within it, some of the most public-spirited, self-denying, unpretentious men of the community. At the same time it would be idle to deny that a large number of swindlers, cheats, and crooks have also found their way into this most magnificent movement which has been designed for the welfare of man. In my professional capacity too, occasions were not rare when I could appreciate the native ingenuity of man to circumvent the provisions of the co-operative law. I have heard of allegations of corruption and cheating even against some well-established societies and well-reputed people. Even within a stone's throw of this legislature.....

ശ്രീ. കെ. ആർ. ഇലങ്കത്തു്: ബഹു. മെമ്പർ പറഞ്ഞതിനേക്കാൾ ഉപരിയായ കുറ്റം ചെയ്തുകൊണ്ടു് ഒരു രജിസ്ട്രാരുടെ പേരിൽ ഒരു കേസ് ഫാഞ്ഞു ചെയ്തിട്ടുള്ളവിവരം അറിയാമോ?

Sri. P. Balakrishnan Tampi: Yes, there must be very desperate Registrars who exploit for themselves the provisions of the law. Their modus operandi was simple. They used to catch hold of a few well-intentioned men of the co-operative movement and get things passed in the way they liked and they could exploit the situation. Certainly in the line recommended by my friend, Mr. Elankath, if there is a provision made in the Act to make it proof against the possible corruption on the part of the Registrar also it will be very good. But as it is, I do not want to take more of the valuable time of the House, except to say that I remain unrepentent of the views which I held years ago and my age only compels me to say that I am more emphatic. Whatever excuses there may have been in the past in regard to the vesting of powers in the Registrar and in the Government, whatever force there might have been in the past in those arguments, they cannot be trotted up now when a Government based on adult franchise is functioning. It is highly essential in the conditions of today, that wide powers should be vested in the Registrar and in the Government so that poor people will not be cheated of their money, so that this movement may not come into disrepute. Unfortunately it has, in certain parts of the State. Sir, when the whole world is looking on the Co-operative movement not only in the economic field, but in the political field, why even in the international field, it would be a very great disservice to the movement if, for want of proper check and control, this movement falls into ill repute. That is the reason why I strongly oppose the suggestion made by my friend, Sri. Elankath.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പൊന്നറ ജി. ശ്രീധർ: സർ, ഈ നിയമസഭയിൽ ഹാജരാക്കിയിരിക്കുന്ന ഈ കൊ–ഓപ്പറേറീവ് ബില്ലിനെ ഒരുകാരണവശാലും അംഗീകരിക്കാൻ നിവർത്തിയില്ല. ജനകീയഭരണം രാജ്യത്തു നടപ്പിലായതിൽ പിന്നീട് ആദ്യമായിട്ടാണ് ഇതുപോലെ ഒരു ബിൽ ഞാൻ കാണുന്നതു്. സർ സി. പി. യുടെ കാലത്തുണ്ടായിരുന്ന കൊ–ഓപ്പറേറീവ് സൊസൈറ്റി ബില്ലിൽനിന്നും എത്ര വ്യത്യാസമാണ് ഈ ബില്ലിൽ ഉള്ളതെന്നു ഇതിനെ ഞാൻ അറിയാനായി മന്ദ ഭംഗിയായി വായിച്ചു പഠിച്ചു. അതിൽനിന്നും എനിക്കു മനസ്സിലാക്കാൻ സാധിച്ചതു്, മുമ്പു ഇവിടെ ഉണ്ടായിരുന്ന ബില്ലിൽനിന്നും വളരെ വ്യതിയാനങ്ങൾ വരുത്തിയിട്ടുണ്ടെന്നും കൂടുതൽ കർശനമായ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടുണ്ടെന്നും എന്നുള്ളതാണ്. സൊസൈറ്റിയെ ശരിയായ വിധത്തിൽ നയിക്കാനുള്ള നിയമങ്ങൾ ഉൾക്കൊള്ളുന്ന ഒരു ബില്ലല്ലാ ഇതു്. ജനായിത്തസിദ്ധാന്തം ഒരിക്കലും നാട്ടിൽ നടക്കരുതെന്നുള്ള മനഃപൂർവ്വമായ വിചാരംകൊണ്ടായിരിക്കണം ഈ ബിൽ ഇവിടെ കൊണ്ടുവന്നതെന്നു തോന്നുന്നു. സർ, ബിൽ ഇവിടെ കൊണ്ടു വരുന്നതിനു മുമ്പു സാമാന്യജനങ്ങളുടെ അഭിപ്രായം എന്താണെന്നു് അറിയുന്നതിനുപോലുമുള്ള മനഃസ്ഥിതി ഗവർമ്മെണ്ടിനു് ഇല്ലാതെപോയല്ലൊ എന്നു് ഞാൻ ഖേദിക്കുന്നു. സർ, അഖിലതിരുവിതാംകൂർ സഹകരണ സംഘങ്ങളുടേയും മറ്റു സഹകരണസംഘങ്ങളുടേയും ഒരു യോഗം ഈ സമീപകാലത്തു നെയ്യാറ്റിൻകരവെച്ചു് കൂടുകയുണ്ടായി. ആ യോഗത്തിൽ ബഹുമാനപ്പെട്ട മന്ത്രിയുംസന്നിഹിതനായിരുന്നു. മാത്രമല്ലാ, അവരുടെ അഭിപ്രായങ്ങൾ കേൾക്കുകയും, അവ തലകുലുക്കി സമ്മതിക്കയും ചെയ്തു. മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ യോഗം ചില പ്രമേയങ്ങളും പാസാക്കി.

സർ, ഈ പ്രമേയങ്ങളെല്ലാം അംഗീകരിച്ചതിനുശേഷം ഒരു പക്ഷെ അദ്ദേഹംതന്നെയായിരിക്കും ഇവിടെ ഹാജരാക്കിയിരിക്കുന്ന ബിൽ എഴുതിയുണ്ടാക്കിയിട്ടുള്ളതെന്നാണ് ഞാൻ വിശ്വസിക്കുന്നതു്. എന്റെ സ്നേഹിതൻ മി. തമ്പി പറഞ്ഞതുപോലെ യഥാർത്ഥ സഹകാരികൾ വളരെ കുറവാണു്. ഐക്യ സംസ്ഥാനത്തു നിലവിലിരിക്കുന്ന സഹകരണപ്രസ്ഥാനങ്ങൾഎല്ലാം ശരിയായിട്ടനടക്കുന്നുണ്ടോ എന്നുള്ളതുതന്നെ വളരെ സംശയത്തിലാണ്. അങ്ങിനെയിരിക്കെ ഈ മാതിരിയുള്ള ഒരു ബില്ലുംകൂടി പാസ്സാക്കിയാൽ പിന്നെ ചോദിക്കാനുമില്ല. യഥാർത്ഥത്തിൽ ആദ്യകാലങ്ങളിൽ, അതായതു ജനകീയ സർക്കാരുകൾ ഭരണം നടത്തി തുടങ്ങുന്നതിനു മുമ്പുതന്നെ ഈ ഡിപ്പാർട്ടുമെണ്ടിനെ കുറിച്ചു് അത്ര കണ്ടു നല്ല അഭിപ്രായം ഇല്ല. എന്നാൽ ആ മാറ്റക്കാരണംകൊണ്ടു് ഈ ബില്ലിനെ അല്ലെങ്കിൽ ഈ പ്രസ്ഥാനത്തെ ഇല്ലായ്മ ചെയ്യണമെന്നു് എനിക്കു അഭിപ്രായം ഇല്ല. നേരെമറിച്ചു അതിനെ ശരിയായി വളർത്തികൊണ്ടുപോകണമെന്നാണ് എനിക്കു പറയുവാനുള്ളതു്. ഗവർമ്മെണ്ടിനെ സംബന്ധിച്ചിടത്തോളം ഏറ്റവും ഭയങ്കരമായിട്ടുള്ള ഒന്നു രണ്ടു വകുപ്പുകൾ ഇതിൽ ഉള്ളതു് ഞാൻ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്നുകൊള്ളുന്നു. 7 (1)-ാമത്തെ വകുപ്പു്

'(1) The Registrar may, of his own motion, and shall, on the application of the majority of the committee or of not less than one-third of the members, hold an inquiry or direct some person authorised by him by order in writing in this behalf to hold an inquiry into the constitution, working and financial condition of a registered society.'

എന്നാണ് കാണുന്നതു്, കൊ–ഓപ്പറേറീവ് റജിസ്ട്രാക്കു് എൻകുയറി നടത്താമെന്നു് പറഞ്ഞിരിക്കുന്ന ഒരു വകുപ്പാണ്. ഇതു മുഴുവനും വായിച്ചു നോക്കിയാൽ റജിസ്ട്രാർക്കു് ഡിസ്ട്രിക്ടു് മജിസ്ട്രേട്ടിനേറയോ ഹൈക്കോടതിയുടേ

LIBRARY ARCHIVES Kerala Legislative Assembly

[Sri. Ponnara G. Sreedhar]

യോ മറവുള്ള ഉദ്യോസ്ഥന്മാർ എല്ലാരുടേയുമോ അധികാരങ്ങൾ ഉള്ളതായിട്ട് കാണാം. ആ വിധത്തിൽ അധികാരം കൊടുത്തിരിക്കുന്ന ഒരു വകുപ്പാണ് ഇതു്.

അടുത്തതു് 3-ാം വകുപ്പാണു്. ഇതിനു മുൻപേ ഇതുപോലെ ഉള്ള നിയമങ്ങൾ ഉണ്ടായിരുന്നു എന്നു വന്നേക്കാം. അന്നു് സർ. സി. പി. യാണു് ഭരിച്ചുകൊണ്ടിരുന്നതു്. അദ്ദേഹത്തിനകൂടി ദേവദാർകമ്മിറ്റി എന്നൊരു കമ്മിറ്റി ഉണ്ടാക്കി ആളുകൾക്കു പൊതുവെ ഉള്ള അഭിപ്രായം അനുസരിച്ചു് ചെയ്യാനുള്ള സന്മനസ്സു് ഉണ്ടായിരുന്നു. അതുപോലും ഇന്നത്തെ ജനകീയമന്ത്രിമാർക്കു് ഉണ്ടായില്ല. അദ്ദേഹത്തിന്റെ കാലത്തു് ഇതുപോലുള്ള നിയമങ്ങൾ ധാരാളം ഉണ്ടായിരുന്നു. അതിനുവേണ്ടിയാണു് നാം ഈ കഴിഞ്ഞ ഫൈവ് വർഷവും മുറവിളികൂട്ടിക്കൊണ്ടിരുന്നതു്. എന്നാൽ ഇന്നു് അതിലും കർശനമായ ഒരു നിയമമാണു് ഇവിടെ കൊണ്ടുവന്നിരിക്കുന്നതു്. ഇനി ക്ലാസു് 8 മുതൽ. ഇതിലും ഭേദഗതി ചെയ്യേണ്ട അനേകം കാര്യങ്ങൾ ഉണ്ടു്. എന്റെ അഭിപ്രായത്തിൽ ഇതു് സെലക്ടു് കമ്മിറ്റിക്കു് അയക്കുകയല്ല നേരെമറിച്ചു് ഈ ബില്ലു് മാറ്റി വേറെ ഒരു ബിൽ ഉണ്ടാക്കി സെലക്ടു് കമ്മിറ്റിക്കു് അയക്കയാണു വേണ്ടതു്. രാജ്യത്തിലെ കൊ-ഓപ്പറേറ്റീവു് മൂവ്മെന്റു് നല്ലവണ്ണം മനസ്സിലാക്കിയിട്ടുള്ള ആളുകളെക്ഷണിച്ചുവരുത്തി അവരുടെ അഭിപ്രായം അറിഞ്ഞു ഒരു പുതിയബില്ലു് അവതരിപ്പിക്കുകയാണു് വേണ്ടതു്. ഇത്രമാത്രമേ എനിക്കു് പറയുവാനുള്ളൂ.

ശ്രീ. കുഞ്ഞയ്യപ്പൻ: സർ, താത്വികമായി സഹകരണത്തിനു വലിയ കഴിവുകളുണ്ടെന്നു സമ്മതിച്ചേ തീരൂ. എന്നാൽ 1 0 കൊല്ലത്തിലധികം കാലമായി പ്രവർത്തിച്ചുകൊണ്ടിരുന്നിട്ടും സാധാരണക്കാരായ ആളുകൾക്കു് ഈ പ്രസ്ഥാനംകൊണ്ടു പറയത്തക്ക നേട്ടങ്ങൾ ഉണ്ടായി എന്നു സമ്മതിക്കാൻ നിവൃത്തിയില്ല. വലിയ കഴിവുകളുള്ള ഒരു പ്രസ്ഥാനം ഇത്രയും കാലം പ്രവർത്തിച്ചിട്ടും വേണ്ടത്ര വണ്ണം വളരാത്തതു് എന്തുകൊണ്ടാണെന്നു ചിന്തിക്കേണ്ടിയിരിക്കുന്നു. ഒരു പ്ലാനുമില്ലാതെയാണു് സഹകരണപ്രസ്ഥാനം സർക്കാർ ഇവിടെ ആരംഭിച്ചതു്. യാതൊരു ഇണദോഷവിവേചനവും കൂടാതെ സംഘങ്ങൾ പടച്ചുവിടുക ഇന്നു നിലവിലിരിക്കുന്ന സമ്പ്രദായമാണു്. പത്തുപേർ ചേർന്നു് ഒരു അപേക്ഷ അയച്ചു ഡിപ്പാർട്ടുമെണ്ടിന്റെ ആനുകൂല്യം നേടിയാൽ ഒരു സംഘമായി. ആ നിലയ്ക്കു് ഒരു മാറ്റം ഈ ബിൽ വരുത്തുന്നില്ല. ഇന്നു ഒരു സംഘം റജിസ്റ്റു് ചെയ്യണമെങ്കിൽ ഒരുവനു തന്റെ കുടുംബാംഗങ്ങളേയും ഭൃത്യജനങ്ങളേയും വിളിച്ചുകൂട്ടിയാൽ മതിയാകും.

ഒരൊറ്റ കുടുംബത്തിനുവേണ്ടി മാത്രം ഒരു സംഘം റജിസ്റ്റു് ചെയ്തതായി എനിക്കു അറിയാം. സർ ഈ നില അഭിലഷണീയമല്ല. ഈ സംപ്രദായത്തിനും ഒരു മാറ്റംവരുത്തി ജനങ്ങൾക്കു് ഉപകാരപ്രദമായ രീതിയിൽ അവരുടെ ആവശ്യങ്ങളെല്ലാം നിർവഹിക്കത്തക്കവണ്ണം ഒരു പ്ലാനിട്ട സംഘങ്ങൾ റജിസ്റ്റു് ചെയ്യാൻ എർപ്പാടുചെയ്താൽ മാത്രമേ സഹകരണം മുന്നോട്ടു പോകുകയുള്ളൂ.

മറ്റൊന്നു സംഘങ്ങളുടെ പ്രവർത്തകന്മാർ നിരുത്തരവാദപരമായി പ്രവർത്തിക്കുക സഹകരണത്തിന്റെ വളർച്ചയെ തടയുന്നു. സഹകരണസംഘം പ്രവർത്തകന്മാരുടെ സാത്വികതയും ഉത്തരവാദിത്വരാഹിത്യവും ഈ പ്രസ്ഥാനത്തിന്റെ വളർച്ചക്കു വലിയ തടസ്സമായി നിൽക്കുന്നു. മാനേജ്മെണ്ടു് കമ്മിറ്റിയിൽ ഒരിക്കൽ കടന്നുകൂടിയാൽ ഉടമ്പുപോലെ ചിരി

LIBRARY ARCHIVES Kerala Legislative Assembly

ച്ചു പിടിവിടാതിരിക്കുക സാധാരണമാണ്. കയറിയ സ്ഥാനത്തുനിന്നും ഇറങ്ങാൻ പ്രയാസമുള്ള ഒരു കാര്യമായി ആളുകൾ കരുതുന്നു. അവരെ ആ സ്ഥാനത്തുനിന്നും മാറ്റാൻ കഴിയാത്ത ഒരു ദയനീയാവസ്ഥയാണ് നാം കാണുന്നത്. അതിനൊരു പരിഹാരമായിട്ടാണ് ൪൯–ാം വകുപ്പ് ഈ ബില്ലിൽ ചേർത്തിരിക്കുന്നത്. ഇന്നത്തെ നിലയിൽ ബില്ലിലെ ഈ വ്യവസ്ഥ അത്യാവശ്യമാണെന്നു കാണുവാൻ കഴിയും. അതിനെ എതിർക്കുന്ന ബഹുമാനപ്പെട്ട മി. ഇലങ്കത്തിനോടും മി. പൊന്നറ ശ്രീധരോടും ഞാൻ യോജിക്കുന്നില്ല. മൂവായിരത്തിലധികം സംഘങ്ങൾ ഇന്നു തിരുവിതാംകൂർ കൊച്ചിയിൽ പ്രവർത്തിക്കുന്നുണ്ട്. അവയിൽ എത്ര സംഘങ്ങൾ സഹകരണസംഘത്തിന്റെ ആദർശങ്ങൾ അനുസരിച്ചു പ്രവർത്തിക്കുന്നു എന്ന് എന്റെ ബഹുമാനപ്പെട്ട സ്നേഹിതന്മാർ അന്വേഷിക്കുന്നതു നന്ന്. സ്വാർത്ഥജടിലമായ ഉദ്ദേശങ്ങൾവച്ചുകൊണ്ട് ആളുകളെ ചൂഷണംചെയ്യാൻ ഒരായുധമായി സംഘത്തെ വച്ചുകൊണ്ടിരിക്കുന്ന ഉദാഹരണങ്ങൾ കുറവല്ല. അങ്ങിനെയുള്ള അവസരങ്ങളിൽ കമ്മിറ്റിഅംഗങ്ങളെ മാറ്റുന്നതിനുള്ള അധികാരം ഇല്ലാതിരുന്നാൽ സംഘത്തിന്റെ പ്രവർത്തനം എങ്ങിനെ മുമ്പോട്ടുപോകും. എനിക്ക് അറിയാം, ഒപ്പുയോഗം വിളിക്കുവാനുള്ള രജിസ്ട്രാരുടെ കല്പനയെ അവഗണിച്ചു രണ്ടുകൊല്ലത്തിലധികംസംഘം നടത്തിയ കമ്മിറ്റിയെ. അങ്ങനെയുള്ള കമ്മിറ്റിയെ നീക്കരുതു് എന്നു പറഞ്ഞാൽ ജനകീയത്തിന്റെ പേരിലായാലും മറ്റു എന്തോന്നിന്റെ പേരിലായാലും സഹിക്കുവാൻ നിവൃത്തിയില്ല.

ശ്രീ. കെ. ആർ. ഇലങ്കത്ത്: ൪൯–ാം വകുപ്പനുസരിച്ചു വിശേഷാൽ പൊതുയോഗം വിളിപ്പിച്ചു മാറ്റാമല്ലോ.

ശ്രീ. ടി. കെ. കുഞ്ഞയ്യപ്പൻ: വിശേഷാൽ പൊതുയോഗം വിളിപ്പിച്ചു തീരുമാനപ്പെടുത്തി മാറ്റാൻ കഴിയുന്നതിനു മുമ്പ് എന്തെല്ലാം തോന്ന്യാസങ്ങൾ ഒരു കമ്മിറ്റിക്കു് ചെയ്യുവാൻ കഴിയുകയില്ല? അങ്ങനെയുള്ള അനുഭവങ്ങൾ ധാരാളമുണ്ടാകുന്നുണ്ട്. വേണമെങ്കിൽ ചൂണ്ടിക്കാണിക്കുവാൻ കഴിയും. അങ്ങനെയുള്ള അവസരങ്ങളിൽ എടുത്തു ഉപയോഗിക്കുവാനുള്ളതാണ് ഈ മാതിരി വ്യവസ്ഥകൾ. ഈ സഭ വില്ലേജ് പഞ്ചായത്താക്ട് പാസ്സാക്കി. വില്ലേജ് പഞ്ചായത്തുകൾ പൂർണ്ണമായും ജനകീയസ്ഥാപനങ്ങളാണ്. പഞ്ചായത്ത് ആക്ടിൽ പഞ്ചായത്തുകാരെ മാറ്റുവാനുള്ള അധികാരങ്ങൾ ഗവൺമെണ്ടിനു കൊടുത്തിട്ടുണ്ട്. ആ ആക്ട് ഈ നിയമസഭയിൽ പാസാക്കിയതാണ്. വിഷമം പിടിച്ച അവസ്ഥകൾ സന്ദർഭങ്ങളിൽ എടുത്തു ഉപയോഗിക്കുവാൻ ഗവൺമെണ്ടിനു ഈ മാതിരി അധികാരങ്ങൾ കൊടുക്കേണ്ടതു അത്യാവശ്യമാണ്.

കർഷകരെ പൊക്കാനുള്ളതാണ് സഹകരണം എന്നു് നാം പറയുന്നു. എന്നാൽ കൂട്ടുകൃഷിസംഘത്തെക്കുറിച്ചു മാത്രം ഈ ബില്ലിൽ പ്രത്യേകമായി വ്യവഹരിച്ചു കാണുന്നില്ല. ബോംബെ ആക്ടിൽ ഹാമിങ്ങ് സംഘങ്ങളെ സംബന്ധിച്ചു പ്രത്യേകം വ്യവസ്ഥകൾ ഉണ്ട്. കൂട്ടുകൃഷി നടത്തുന്നതിനു സഹായകമാകത്തക്കവണ്ണം സംഘങ്ങളുടെ പ്രവർത്തനം രൂപപ്പെടുത്തുവാൻ ബില്ലിൽ വ്യവസ്ഥ ചെയ്യേണ്ടതാണ്. കൃഷിവേല കൂട്ടായി നടത്തുക ഉദ്ദേശമായി ഒരു സംഘം ഉണ്ടാവുകയും സംഘത്തിന്റെ പ്രവർത്തനപരിധിയായി നിൽക്കുന്ന സ്ഥലവിഭാഗത്തിലെ പകുതിയിലധികം കൃഷിക്കാരും അതിൽ അംഗങ്ങളാകുകയും ചെയ്താൽ മറ്റു കൃഷിക്കാരെ നിർബന്ധം ചെലുത്തിയും അതിനകത്തു കൊണ്ടുവരുവാൻ വ്യവസ്ഥവേണം. അല്ലെങ്കിൽ സംഘത്തിന്റെ തീരുമാനം സംഘത്തിന്റെ പുറത്തുനിൽക്കുന്നവരെയും ബാധിക്കുമെന്ന വ്യവസ്ഥവേണം.

LIBRARY ARCHIVES Kerala Legislative Assembly

[Sri. T. K. Kunjayyappan]

ഒരുവൻ ഒരു സംഘത്തിൽ അംഗമായിക്കഴിഞ്ഞാൽ അവന്റെ സ്വത്തുക്കളിന്മേൽ സർക്കാർ നികുതിയും ജന്മിഭോഗവും കഴിച്ചുള്ളതിന്റെ മൻചാജ്ജ് സംഘത്തിനായിരിക്കും എന്ന ഒരു വ്യവസ്ഥ ബില്ലിലുണ്ട്. അതു നല്ലതാണ്. എളുപ്പം കടം കിട്ടുമാറാക്കുന്ന ഒരേർപ്പാടാണ് സഹകരണം. തന്മൂലം കടംവാങ്ങാനുള്ള വാസന സാധാരണക്കാരിൽ വളരെ വന്നിട്ടുണ്ട്. സംഘത്തിൻനിന്നും പുറത്തുനിന്നും അവർ കണ്ടമാനം കടംവാങ്ങി തുലയുകയാണ്. ഈ വ്യവസ്ഥ സഹകാരിക്കു പുറമെ ക്രെഡിറ്റു കുറച്ചുകളയുമെന്നതുകൊണ്ടു പുറമെനിന്നു കടംകൊള്ളുവാനുള്ള സൌകര്യവും കുറച്ചുകളയുന്നു. അതു നല്ലതാണ്. എന്നാൽ ഒരു കാര്യം പ്രത്യേകം ഓർക്കേണ്ടതുണ്ട്. സഹകരണസംഘങ്ങളെക്കൊണ്ടുമാത്രം ജനങ്ങളുടെ ധനപരമായ ആവശ്യങ്ങൾ നടക്കുന്നില്ല. ആവശ്യത്തിനു പണം കിട്ടുവാനുള്ള പഴുതിനും പുറമെ അടയ്ക്കുമ്പോൾ ആവശ്യങ്ങൾ എല്ലാം നിവൃത്തിച്ചുകൊടുക്കുവാനുള്ള കഴിവു സംഘങ്ങൾക്കുണ്ടാകണം. ശരിയായ അടിസ്ഥാനത്തിൽ സംഘടിപ്പിച്ചു പ്രവർത്തിച്ചാലെ അതു സാധിക്കുകയുള്ളൂ. ബില്ലിനെ അപോദ്ധരിച്ചു പരിശോധിക്കുകയാണെങ്കിൽ ഇനിയും പല കുറവുകളും ചൂണ്ടിക്കാണിക്കുവാനുണ്ടെങ്കിലും അതിനു ഞാൻ ഈ അവസരത്തിൽ ഉദ്യമിക്കുന്നില്ല. അവയെല്ലാം സെലക്ട് കമ്മിറ്റിയുടെ ശ്രദ്ധയിൽ പെട്ടുമെന്നും കമ്മിറ്റി ആവശ്യമായ ഭേദഗതികൾ വരുത്തുന്നതോടുകൂടി ശരിയായി നിവൃത്തിക്കുമെന്നും വിശ്വസിച്ചുകൊണ്ടു ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

ശ്രീ. ജോസഫ് മുണ്ടശ്ശേരി : തിരുവിതാംകൂറിലേയും കൊച്ചിയിലേയും സഹകരണസംഘങ്ങളുടെ പ്രവർത്തനം പൊതുവെ ഏകീകരിക്കുന്നതിനുള്ള ഉദ്ദേശത്തോടുകൂടിയാണ് ഗവൺമെണ്ടിൽനിന്നും ഈ ബിൽ ഇവിടെ അവതരിപ്പിച്ചിട്ടുള്ളതെന്നു ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പ്രസ്താവിക്കുകയുണ്ടായി. മിക്കവാറും ഈ ബിൽ തിരുവിതാംകൂറിലും കൊച്ചിയിലും നിലവിലുണ്ടായിരുന്ന നിയമങ്ങളിൽനിന്നു വലിയ വ്യത്യാസമുള്ളതല്ലെന്നു പരിശോധിച്ചാൽ മനസ്സിലാക്കുവാൻ പ്രയാസമില്ല. ആ രണ്ടു നിയമങ്ങളുംകൂടി കൂട്ടിച്ചേർത്തു് ഒന്നാക്കുവാനുള്ള പരിശ്രമം ചെയ്തിട്ടുള്ളതല്ലാതെ യാതൊരു പുതിയ സാമ്പത്തിക നയങ്ങളേയും ആവിഷ്കരിക്കുന്നതായ വ്യവസ്ഥകൾ ഈ ബില്ലിൽ ഇല്ല. പലേ നിയമങ്ങളും ഏകീകരണത്തിന്റെ പേരിൽ ഇവിടെ അവതരിപ്പിച്ച കൂട്ടത്തിൽ ഇങ്ങിനെയുള്ള ഒരു ബില്ലും ഏകീകരണത്തിനായി അവതരിപ്പിച്ചിട്ടുള്ളതാണെന്നു്, രണ്ടു ഭാഗത്തേയും സഹകരണസംഘങ്ങളുടെ നിയന്ത്രണവും പ്രവർത്തനങ്ങളും ഏകോപിപ്പിക്കേണ്ടതിനായി കൊണ്ടുവന്നിട്ടുള്ളതാണെന്നു് മന്ത്രിയവർകളുടെ പ്രസ്താവനയിൽ വിശദമാക്കിയിട്ടുണ്ട്.

മുൻകാലങ്ങളിൽ പലയിടങ്ങളിലും ഏർപ്പെടുത്തിയിട്ടുള്ള സഹകരണസംഘങ്ങളെല്ലാംതന്നെ നാണയസംഘങ്ങളായിട്ടാണെന്നുള്ളതു് ഗവൺമെണ്ടിനും ഈ സഭാംഗങ്ങൾക്കുമെല്ലാം അറിയാം. നാണയസംബന്ധമായ ഇടപാടുകൾ ചെയ്യുവാനും ചുരുങ്ങിയ പലിശക്കു ഗഡുക്കളായി സംഖ്യ അടച്ചുതീർക്കത്തക്കവണ്ണം വസ്തുക്കൾ പണയപ്പെടുത്തി പണം കടം കിട്ടുവാനുമുള്ള സൌകര്യത്തോടുകൂടി രൂപീകരിച്ചിട്ടുള്ള സംഘങ്ങളാണവ. മിക്ക സംസ്ഥാനങ്ങളിലും ഈ നാണയസംഘങ്ങളെ സംബന്ധിച്ചുള്ള നിയമങ്ങൾ ഉണ്ടെങ്കിലും അവ തമ്മിൽ അല്പം ചില വ്യത്യാസങ്ങളും വീഴ്ചകളും അങ്ങുമിങ്ങും കണ്ടേക്കുമെന്നേയുള്ളൂ. എന്നാൽ ഉദ്യോഗസ്ഥന്മാരല്ലാത്ത സാധാരണക്കാരെ അംഗങ്ങളായി ചേർത്തു് പണം കടം കൊടുക്കുവാനുള്ള സംഘങ്ങൾ ഏർപ്പെടുത്തുന്ന കാലം അതിക്രമിച്ചുകഴിഞ്ഞിരി

LIBRARY ARCHIVES Kerala Legislative Assembly

ക്കുന്നു. ഇന്നു നാം കാണുന്ന സംഘങ്ങളിൽ പലതും സാധാരണക്കാരും ഉദ്യോഗസ്ഥന്മാരുംകൂടി അംഗങ്ങളായി ചേർന്നു നടന്നുവരുന്നവയാണു്. അങ്ങിനെയുള്ള സംഘങ്ങൾ ഏറ്റെടുത്തുന്നതു് നല്ലതുതന്നെ. പക്ഷെ, നാട്ടിൽ ഉല്പാദനങ്ങൾ വർദ്ധിപ്പിക്കുന്നതിനും വിതരണം ക്രമീകരിക്കുന്നതിനുമായിട്ടാണു് ഇന്നു് സാമ്പത്തിക വ്യവസ്ഥിതികളോടുകൂടിയുള്ള സംഘടിതസംഘങ്ങൾ രൂപീകരിക്കപ്പെട്ടുവരുന്നതു്. സാമ്പത്തികമായ കഴിവുകളോടുകൂടി രാജ്യത്തിൽ വിഭവങ്ങൾ വർദ്ധിപ്പിക്കുന്നതിനു് ഈ സഹകരണസംഘങ്ങളെ നല്ലൊരു ആയുധമാക്കിത്തീർക്കണമെന്നാണു് മറ്റു പല പരിഷ്കൃത രാജ്യങ്ങളിലേയും വിദഗ്ദ്ധന്മാരുടെ അഭിപ്രായം. പഴയ നാണയസംഘങ്ങളേയും ഈ പുതിയ രീതിയിൽ രൂപാന്തരപ്പെടുത്തി, രാജ്യത്തെ ജനങ്ങളെ ഈ പുതിയ പരിവർത്തനത്തിൽ പരസ്പരം സംയോജിപ്പിച്ചു്, സാമ്പത്തികമായ നിലയിൽ അവരുടെ ഗതിയെ തിരിച്ചുവിടുന്നതിനുള്ള ഒരു ആയുധമായിട്ടാണു് പരിഷ്കൃത രാജ്യങ്ങളിൽ ഇങ്ങിനെയുള്ള പരസ്പരസഹായസംഘങ്ങളെ കരുതിപ്പോരുന്നതു്. എന്നാൽ ഈ ബില്ലിൽ അതിനുള്ളയാതൊരു വ്യവസ്ഥയും ഉള്ളതായി കാണുന്നില്ല. ഈ ബിൽ പഴയ നിയമത്തിന്റെ ഒരു പകർപ്പായിട്ടുമാത്രമെ കാണപ്പെടുന്നുള്ളൂ. ഇതിൽ പലേ വ്യത്യാസങ്ങളും വരുത്തുവാനുണ്ടു്. ആ വക സംഗതികൾ സെലക്ടു് കമ്മിറ്റിയിൽ പ്രത്യേകം പഠിച്ചാലോചിച്ചു് ഇതിലെ ദോഷവശങ്ങളെ അകറ്റുകയും, ആവശ്യമായ ഭാഗങ്ങൾ കൂട്ടിച്ചേർക്കുകയും ചെയ്തു് സഹകരണപ്രസ്ഥാനത്തെ ഒരു പുതിയ സാമ്പത്തിക യുഗത്തിലേക്കു് പ്രവേശിക്കുവാനുള്ള മാർഗ്ഗമാക്കത്തക്കവണ്ണമുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിക്കേണ്ടതാണു്. മുൻകാലങ്ങളിൽ എട്ടോ പത്തോ പേർമാത്രം അംഗങ്ങളായാൽ ഒരു സഹകരണസംഘം ഉണ്ടാക്കാമെന്നുള്ള ആ പഴയ വ്യവസ്ഥിതിതന്നെയാണു് ഈ ബില്ലിലും കാണുന്നതു്. സാധാരണക്കാർക്കു് പണം കടം കൊടുക്കുകയെന്നുള്ള ഉദ്ദേശത്തോടുകൂടി അസംഘടിതമായും രജിസ്റ്റർ ചെയ്യാതേയുമാണു് സംഘങ്ങൾ പ്രവർത്തനം നടത്തിയിരുന്നതു്. ആ രീതിയിലാണു് പിന്നെയും പിന്നെയും സംഘങ്ങളുടെ എണ്ണം വർദ്ധിച്ചുവന്നിട്ടുള്ളതു്. എന്നാൽ രജിസ്റ്റർ ചെയ്തിട്ടുള്ള സംഘങ്ങൾ ഉണ്ടായാൽ തനതാവശ്യങ്ങൾ നിവൃത്തിക്കുവാൻ എളുപ്പമുണ്ടെന്നു കരുതി പല കച്ചവടക്കാരും അവരുടെ സംഘങ്ങൾ രജിസ്റ്റർ ചെയ്യുപോരുന്നുണ്ടു്.

ഇനി സംഘത്തിന്റെ വ്യാപകാർത്തിയെപ്പറ്റി പറയുകയാണെങ്കിൽ സംസ്ഥാനത്തിന്റെ എല്ലാ ഭാഗങ്ങളിലും വില്ലേജുകളിലായാലും, പട്ടണങ്ങളിലായാലും സഹകരണസംഘങ്ങൾ സ്ഥാപിച്ചിട്ടുണ്ടെങ്കിൽ അവയുടെ ഉദ്ദേശമനുസരിച്ചു പ്രവർത്തനങ്ങൾക്കായി കഴിയുന്ന സഹായങ്ങൾ നിയമംമൂലം ഉണ്ടായിരിക്കേണ്ടതാണു്. എന്നാൽ ഒരു പരിമിതമായ വ്യാപകാർത്തിക്കുള്ളിൽതന്നെ മനുഷ്യർക്കു യാതൊരു പ്രയോജനവുമില്ലാതെ ചില സംഘങ്ങൾ പ്രവർത്തിച്ചിട്ടുള്ളതായി ധാരാളം അനുഭവപ്പെട്ടിട്ടുണ്ടു്. എന്റെ നാടായ തൃശ്ശൂരിൽതന്നെ ഒരു സംഘം രജിസ്റ്റർചെയ്തു നടത്തിത്തുടങ്ങവെ അതിനു തൊട്ടടുത്തായി വേറെ ഒരു സംഘവും തുടങ്ങി. കൂടുതൽ ലാഭത്തെ മോഹിച്ചുകൊണ്ടാണു് ഇങ്ങിനെയുള്ള സംഘങ്ങൾ തുടങ്ങുന്നതു്. കച്ചവടക്കാരുടെയിടയിൽതന്നെ സ്വന്ത ആവശ്യങ്ങൾ നിവൃത്തിക്കുവാനായി ഇത്തരം പല സംഘങ്ങളും തുടങ്ങിയിട്ടുള്ള പല ഉദാഹരണങ്ങളുമുണ്ടു്.

രാജ്യത്തു പൊതുവെ സാമ്പത്തിക കഴിവുകൾ ഉണ്ടാക്കണമെന്നുള്ള നയമനുസരിച്ചു് ഒരു ബില്ലു് കൊണ്ടുവരികയാണെങ്കിൽ അതു ഏറ്റവും നല്ലതാണു്. നേരെമറിച്ചു് സ്ഥാപിത താല്പര്യങ്ങൾക്കു് സഹായകമായിട്ടുള്ള വ്യവസ്ഥകളോടു

LIBRARY ARCHIVES Kerala Legislative Assembly

[Sri. Joseph Mundasseri]

കൂടിയ ഒരു ബില്ലാണിതു് എന്നുള്ളതിനു സംശയമില്ല. ഒരു വില്ലേജിൽ എപ്പോഴും ഒരു ഉദ്ദേശത്തിൽ തുടങ്ങുന്ന ഒരു സംഘംമാത്രമെ ഉണ്ടായിരിക്കുവാൻ പാടുള്ളൂ. അങ്ങിനെയുള്ള മാരോ ഉദ്ദേശങ്ങൾക്കും ഓരോ സംഘങ്ങൾ ഉണ്ടായിരിക്കാമെന്നല്ലാതെ ഒരേ ഉദ്ദേശത്തിലുള്ള പല സംഘങ്ങൾ ഉണ്ടായിരിക്കാൻ പാടില്ല. അങ്ങിനെയുള്ള സംഘങ്ങളുണ്ടെങ്കിൽ അവയെയെല്ലാം ഒന്നായി യോജിപ്പിച്ചു് ഒറ്റ സംഘമാക്കി അതിന്റെ വ്യാപകാധികാരം വർദ്ധിപ്പിക്കണം. അതുകൊണ്ടു് ഒരു സഹകരണസംഘത്തിൽ കുറഞ്ഞതു് അൻപതു് അംഗങ്ങളെങ്കിലും ഉണ്ടായിരിക്കണമെന്നുള്ള വ്യവസ്ഥകൂടി ഈ ബില്ലിൽ ചേർക്കേണ്ടതു് ആവശ്യമാണു്. ആ സംഘങ്ങൾ എല്ലാം കൂടി ഏകോപിച്ചു് രാജ്യവ്യാപകമായ രീതിയിൽ പ്രവർത്തനം നടത്തുന്നതിനു ഒരു സമിതി രൂപവൽക്കരിക്കുകയും, മന്ത്രി അവർകൾ അതിന്റെ അദ്ധ്യക്ഷനായും രജിസ്ട്രാർ അവർകൾ അതിന്റെ സിക്രട്ടറിയായും പ്രവർത്തനം നടത്തുകയും ചെയ്താൽ ഇങ്ങിനെയുള്ള സഹകരണസംഘങ്ങൾ വഴി രാജ്യത്തിന്റെ സാമ്പത്തികമായ നിലക്കു് കൂടുതൽ അഭിവൃദ്ധിയുണ്ടാകുവാൻ സഹായകമായിരിക്കും.

വേറെയും ചില നിർദ്ദേശങ്ങൾ ബില്ലിന്റെ ഉള്ളിലേയ്ക്കു് കടന്നാൽ ചെയ്യേണ്ടതായിട്ടുണ്ടു്. മി. കുഞ്ഞയ്യപ്പൻ ചൂണ്ടിക്കാണിച്ചുപോലെ ഉപഭോക്താക്കളുടെ സംഘത്തിന്റെ കാര്യം എടുത്താൽ കൃഷിക്കാരുടെ ഒരു സംഘം ഏർപ്പെടുത്തുകയാണെങ്കിലോ അല്ലെങ്കിൽ നിത്യാവശ്യത്തിനുള്ള സാധനങ്ങൾ മൊത്തമായി വിതരണം ചെയ്യുന്നതിനുള്ള ഒരു സംഘം ഏർപ്പെടുത്തുകയാണെങ്കിലോ ആ വ്യാപകാധികാരത്തിയിലുള്ള ആളുകളെയെല്ലാം അതിൽ ഉൾപ്പെടുത്തേണ്ടതാണു്. ഒരു ഇരുപതു് അല്ലെങ്കിൽ അൻപതു് പേർ ചേർന്നു് ഒരു സംഘം രജിസ്റ്റർ ചെയ്യുകയും അതു അങ്ങനെ തന്നെ നിന്നാൽ മതിയെന്നു വിചാരിക്കുകയും ചെയ്താൽ മറ്റാരും അതിൽ പ്രവേശിക്കുകയില്ല. ഈ വക സംഗതികളിൽ ഉൾപ്പെട്ടാൽ വല്ല നാശവും ഉണ്ടാകുമെന്നു് ജനങ്ങൾക്കു് ഒരു ഭയമുണ്ടു്. അതിനാൽ ചില നിബന്ധനകൾ കൂട്ടി വഴിയായി ഇതിലേക്കു് ചെലുത്തേണ്ടതുണ്ടു്. അങ്ങനെ നോക്കുമ്പോൾ മുന്നൂറോ നാന്നൂറോ പേരുള്ള ഒരു പ്രത്യേക വില്ലേജിലുള്ള ഒരു സംഘത്തിൽ നൂറിയൻപതോ ഇരുന്നൂറോ പേർ അംഗമായി കഴിഞ്ഞാൽ മറ്റുള്ളവരെയും ആ സംഘത്തിൽ പ്രവേശിപ്പിക്കുന്നതിനു് ഒരു വ്യവസ്ഥ ബില്ലിൽ ഉണ്ടാക്കുന്നതു് നന്നായിരിക്കും. പ്രത്യേകിച്ചു് ഉപഭോക്താക്കളുടെ സംഘത്തിനു് ഈ വ്യവസ്ഥ ഉണ്ടായിരിക്കുന്നതു് നല്ലതാണു്. അങ്ങനെ ഇല്ലാതിരിക്കുന്നതുകൊണ്ടുള്ള അപകടങ്ങൾ ഞാൻ അനുഭവിച്ചുകൊണ്ടിരിക്കുകയാണു്. ചെറിയ പരം ഉപഭോക്താക്കൾ കൂടിയ ഒരു സംഘം രജിസ്റ്റർ ചെയ്തു വിതരണം നടത്തിക്കൊണ്ടിരിക്കുമ്പോൾ അതിൽ അംഗമല്ലാത്ത അഞ്ചാറുപേർ ചേർന്നു് പീടികകൾ നടത്തി ലാഭം വേണ്ടെന്നുവച്ചോ കുറച്ചുനഷ്ടം സഹിച്ചോ സാധനങ്ങൾ കുറഞ്ഞ വിലയ്ക്കു വിതരണം നടത്തി സംഘത്തെ പൊളിച്ചുകളയാൻ ശ്രമിച്ചുവരുന്നതായി അറിയാം. അഞ്ചോ പത്തോ സ്ഥാപിത താല്പര്യക്കാരെ, അതായതു് കച്ചവടം ചെയ്തു ലാഭം ഉണ്ടാക്കാൻ ആഗ്രഹമുള്ള ആളുകളെ സ്വതന്ത്രമായി പ്രവർത്തിക്കുവാൻ അനുവദിക്കുകയാണെങ്കിൽ, അവരെ സംഘത്തിലേക്കു് പ്രവേശിപ്പിക്കാൻ നിവൃത്തിയില്ലാത്ത ഒരു പതനമാണെന്നു വന്നാൽ അവർ സ്വതന്ത്രമായി പ്രവർത്തിച്ചു ആറുമാസത്തിനകം സംഘത്തെ തവിടുപൊടിയാക്കും. അങ്ങനെ പല സംഘവും നശിച്ചിട്ടുണ്ടു്. ആ അവസ്ഥയിൽനിന്നു് നമ്മുടെ പരസ്പരസഹായസംഘത്തെ ഉദ്ധരിക്കേണ്ടതു് ആവശ്യമാണു്.

LIBRARY ARCHIVES Kerala Legislative Assembly

അനുദ്യോഗസ്ഥന്മാരുടെ ഒരു സംഘമാണു് പരസ്പരസഹായസംഘം. അതേ സമയത്തു് ഉദ്യോഗസ്ഥന്മാരുടെ നിയന്ത്രണവും മേധാവിത്വവും ഇല്ലെങ്കിൽ പല അപഹരണങ്ങളും ദുർഭരണങ്ങളും സംഘങ്ങളിൽ സംഭവിച്ചേക്കും. ഉദ്യോഗസ്ഥന്മാരേയും അനുദ്യോഗസ്ഥന്മാരേയും യോജിപ്പിച്ചുള്ള ഒരു സംഘം രജിസ്ട്രേഷൻ ഡിപ്പാർട്ടുമെൻറിനു തൊട്ടു പാരലലായി രാജ്യത്തു പ്രവർത്തിക്കണമെന്നുള്ളതു് എല്ലാ സഹകരണവിദഗ്ദ്ധന്മാരും സമ്മതിച്ചിട്ടുള്ള ഒരു കാര്യമാണു്. അതിലേക്കു് ഒരു താലൂക്കിൽ പ്രാഥമിക സംഘങ്ങൾ ഉണ്ടാക്കുകയാണെങ്കിൽ ആ താലൂക്കിലുള്ള എല്ലാ പ്രാഥമികസംഘങ്ങളുമായി ഘടിപ്പിക്കണം. അങ്ങനെ താലൂക്കു് ബേസിസിലോ അല്ലാത്തപക്ഷം യൂണിയൻ ബേസിസിലോ പരസ്പരസഹായസംഘങ്ങളെ സംഘടിപ്പിച്ചു് ഒരു ഡിസ്ട്രിക്ടു് യൂണിയനോ ഫെഡറേഷനോ ഉണ്ടാക്കുന്നതുകൊള്ളാം. അപ്രകാരം ചെയ്യുമ്പോൾ നമ്മുടെ സംസ്ഥാനത്തുള്ള നാലു ഡിസ്ട്രിക്ടിൽനിന്നും പ്രതിനിധികളെ തിരഞ്ഞെടുത്തു് പരസ്പരസഹായസംഘതത്വത്തിൽ വിദഗ്ദ്ധന്മാരായ ആളുകളെ ഉൾപ്പെടുത്തി ബഹു. മന്ത്രി അദ്ധ്യക്ഷനായും, രജിസ്ട്രാർ സെക്രട്ടറിയായും ഒരു അപ്പലേറ്റു് അതോറിറ്റി ഉണ്ടായിരിക്കുന്നതു് നല്ലതാണു്. ഇപ്പോൾ തിരുവിതാംകൂറിലും കൊച്ചിയിലുമുള്ള എഫ്ടാക്കും എല്ലാം അവശ്യം പരിഷ്കരിക്കേണ്ടതാണു്. ഇപ്പോൾ നിലവിലുള്ള രണ്ടു സമ്പ്രദായത്തേയും മാറ്റി രാജ്യം മുഴുക്കെ ഉണ്ടാകുന്ന ഒരു ഉദ്യോഗസ്ഥാനുദ്യോഗസ്ഥ കൗൺസിൽ ഉണ്ടാക്കി ആ കൗൺസിലിന്റെ അഭിപ്രായമനുസരിച്ചു് പരസ്പരസഹായസംബന്ധമായ പരിഷ്കാരങ്ങളും ഭവിഷ്യത്തിൽ വരുത്തണമെന്നാണു് എന്റെ അഭിപ്രായം. ഈ വിഷയത്തെ സംബന്ധിക്കുന്ന ചില്ലറ ചില വ്യവസ്ഥകൾകൂടി ബില്ലിൽ ഉൾപ്പെടുത്തേണ്ടതുണ്ടു്. അതിലേക്കാണു് ഞാൻ ഇതു പ്രത്യേകം ചൂണ്ടിക്കാണിച്ചതു്.

ചില പ്രാഥമിക സംഘങ്ങളുടെ മേൽനോട്ടം ബാങ്കുകൾ വഹിക്കുന്നുണ്ടു് അനുദ്യോഗസ്ഥസംഘങ്ങൾ വേറൊരു തരത്തിൽ ഇൻസ്പിറേഷനുകളെ പരിശോധിക്കുന്നു. പിന്നെ ഡിപ്പാർട്ടുമെൻറു് ആളുകളും ഇൻസ്പെക്ഷൻ നടത്തുന്നുണ്ടു്. ഈ മൂന്നു മേൽനോട്ടങ്ങളും തമ്മിൽ ബന്ധമില്ല. അവർ എല്ലാവരും ഒരുമിച്ചു പ്രവർത്തിക്കാൻ ശ്രദ്ധിക്കണം. കഴിയുന്നിടത്തോളം ഈ മൂന്നുതരക്കാരും യോജിച്ചുള്ള ഒരു മേൽനോട്ടമായിരിക്കണം ഈ വിഷയത്തിൽ ഉണ്ടാകേണ്ടതു്. അതിൽ എത്രമാത്രം ഡിപ്പാർട്ടുമെൻറു് ചെയ്യണം, എത്രമാത്രം അനുദ്യോഗസ്ഥസംഘങ്ങൾ ചെയ്യണം എന്നുള്ളതിലേക്കു ചില വ്യവസ്ഥകൾ കൂടി ബില്ലിൽ കൊള്ളിക്കുന്നതുകൊള്ളാം. അല്ലെങ്കിൽ അവ ബില്ലിനോടനുബന്ധിച്ചുള്ള രൂപകങ്ങളിൽ ഉൾപ്പെടുത്തിയാലും പ്രയോജനകരമായിരിക്കും.

ഒരു സ്ഥലത്തുള്ള എഴുപതോ എഴുപത്തഞ്ചോ ശതമാനം ആളുകൾ സംഘത്തിൽ അംഗങ്ങളായിച്ചേർന്നാൽ പിന്നെ ശേഷമുള്ള ൨൫ ശതമാനം ആളുകളെക്കൂടി സംഘത്തിൽ ചേരാൻ നിർബന്ധിക്കുന്നതു് ഇതിന്റെ മൗലികതത്വത്തിനു എതിരല്ലേ എന്നു ചോദിച്ചേക്കും. അങ്ങിനെ വാദിക്കുന്ന ആളുകളും പ്രത്യക്ഷപ്പെടുന്നുണ്ടു്. ഇതുപോലെയുള്ള ഒരുസംബ്ധിയിൽ ൫൧ ശതമാനം മെമ്പറന്മാർ ഒരു നിയമം അംഗീകരിച്ചുകഴിയുമ്പോൾ ൧൦൦ ശതമാനം മെമ്പറന്മാരും അതിനെ ആദരിച്ചേ മതിയാവൂ എന്നു വരുന്നു. അങ്ങിനെ വരുന്നതുകൊണ്ടു് ജനാധിപത്യത്തിന്റെ പ്രാഥമികതത്വം നഷ്ടപ്പെട്ടുപോയി എന്നാരും പറഞ്ഞുകേട്ടില്ല. ആ സ്ഥിതിക്കു് ൭൫ ശതമാനം ആളുകൾ യോജിച്ചുകഴിഞ്ഞാൽ ബാക്കി ൨൫ ശതമാനത്തെ നിർബന്ധിക്കുന്നതു് ജനാധിപത്യതത്വത്തിനു വിരുദ്ധമാണെന്നു് എനിക്കു തോന്നുന്നില്ല. ഈ കാര്യങ്ങളെല്ലാം സെലക്ടു് കമ്മിറ്റിയുടെ ശ്രദ്ധയിൽകൊണ്ടുവരുകയും ബഹു. മന്ത്രി ഉദ്ദേശിക്കുന്നതുപോലെ സഹകരണം ഒരു

LIBRARY ARCHIVES Kerala Legislative Assembly

[Sri. Joseph Mundasseri]

പുതിയ സാമ്പത്തികയുഗത്തിലേക്ക് പ്രവേശിക്കാനുള്ള ഒരു പടിവാതിലായി തീരത്തക്കവണ്ണം ഈ ബില്ലുകൊണ്ടുവരണമെന്ന് അപേക്ഷിക്കയും ചെയ്തുകൊള്ളുന്നു.

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ബില്ലിന്റെ വീക്ഷണകോണത്തിൽതന്നെ മൗലികമായ ചില മാറ്റങ്ങൾ വരാനുണ്ടെന്നാണ് എന്റെ അഭിപ്രായം. ഈ ബില്ലിന്റെ സ്വഭാവം നോക്കിയാൽ സഹകരണസംഘങ്ങൾ ഈ രാജ്യത്തു പ്രവർത്തിച്ചു വന്നപ്പോൾ കണ്ടുവന്ന ചില ദുഷ്പ്രവണതകളെ പരിഹരിക്കുന്നതിനായി ചില കൂടുതൽ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടുള്ളതായി കാണാം. പല സഹകരണസംഘങ്ങളും അപഹരണസംഘങ്ങളായി തീർന്നിട്ടുണ്ട്. അതിനെ തടയുന്നതിനായി കൂടുതൽ കൂടുതൽ നിയന്ത്രണവും അധികാരവും എക്സിക്യൂട്ടീവ് ഉദ്യോഗസ്ഥന്മാരിൽ നിക്ഷിപ്തമാക്കുന്ന വ്യവസ്ഥകളാണ് ഇതിൽ കാണുന്നതു്. സഹകരണതത്വങ്ങളെപ്പറ്റിയോ അതിന്റെ അടിസ്ഥാനങ്ങളെപ്പറ്റിയോ ശരിയായി മനസ്സിലാക്കാതെയാണ് ഇപ്രകാരം ഈ നിയമത്തിൽ എക്സിക്യൂട്ടീവ് അധികാരികൾക്കു കൂടുതൽ അധികാരം കൊടുത്തിട്ടുള്ളതെന്നാണ് എനിക്കു തോന്നുന്നതു്. സഹകരണസംഘങ്ങളുടെ പ്രവർത്തനം മുമ്പോട്ട് കൊണ്ടുപോകേണ്ടതു് സഹകരണാധിഷ്ഠാനത്തിൽതന്നെ വേണമെന്നാണ് ഞാൻ മനസ്സിലാക്കിയിട്ടുള്ളതു്. ഉദാഹരണമായി സൂപ്പർസെഷൻ പവർ എങ്ങനെയാണ് പ്രയോഗിക്കപ്പെടുന്നുവെന്നു നോക്കുമ്പോൾ ഏതെങ്കിലും ഒരു സഹകരണസംഘത്തിൽ കുഴപ്പം ഉള്ളതായി കാണുമ്പോൾ അതിന്റെ കമ്മിറ്റിയെ മാറ്റി മറ്റൊരു കമ്മിറ്റിയെ നിയമിച്ച് ആ സഹകരണസംഘത്തിന്റെ ഭരണം നടത്തിക്കൊണ്ടുപോകുമെന്ന ഒരു വ്യവസ്ഥയാണ് ഉൾക്കൊള്ളിച്ചിരിക്കുന്നതു്. അപ്പോൾ അതു് ഒരു സഹകരണസംഘമാകുമോ അതോ നിസ്സഹകരണസംഘമാകുമോ എന്നു നാം ആലോചിക്കണം. ഒരു സ്ഥലത്തുള്ള ആളുകൾ തെരഞ്ഞെടുത്തിട്ടുള്ള കമ്മിറ്റിയെ മാറ്റി രജിസ്ട്രാർ നാമനിർദ്ദേശം ചെയ്ത് ഒരു കമ്മിറ്റി രൂപീകരിച്ചാൽ, ആ സംഘത്തോട് ബന്ധമുള്ള ആളുകൾ നിസ്സഹകരിക്കുമെന്ന് സാമാന്യമായി ആലോചിച്ചാൽ മനസ്സിലാകും. അഭിപ്രായവ്യത്യാസങ്ങളുണ്ടാകുന്ന അവസരത്തിൽ രജിസ്ട്രാർ അതിൽ പ്രവേശിക്കുന്നതു് എങ്ങനെയാണെന്നുവച്ചാൽ രണ്ടുഭാഗമുള്ളതിൽ ഏതെങ്കിലും ഒരു ഭാഗത്തു് പ്രവേശിച്ച് അവരെക്കൊണ്ട് കാര്യങ്ങൾ നടത്തിക്കുകയാണ്. ആ അടിസ്ഥാനം തെറ്റാണ്. ഏതെങ്കിലും ഒരു സംഘത്തിൽ അംഗങ്ങൾ തമ്മിലോ പ്രകൃതക സമിതി അംഗങ്ങൾ തമ്മിലോ ഉള്ള അഭിപ്രായവ്യത്യാസം മൂലം ഭരണത്തിനു ദുഷ്പ്രം വരുന്ന അവസരത്തിൽ ഏതെങ്കിലും ഒരു ഭാഗത്തുള്ള ആളുകളുടെ വശത്തുനിന്നുകൊണ്ടു സഹകരണസംഘം നടത്തിക്കൊണ്ടു് പോകുന്നതു് സഹകരണതത്വത്തിനു് വിരുദ്ധമാണ്. അങ്ങനെ വരുമ്പോൾ രജിസ്ട്രാരും സഹകരണ ഉദ്യോഗസ്ഥന്മാരും ചെയ്യേണ്ടതു് ആ സൊസൈറ്റിയിലെ അംഗങ്ങളുടെ ഇടയിൽ സഹകരണമനോഭാവമുണ്ടാക്കി സഹകരണമനോഭാവത്തോടുകൂടി പ്രവർത്തിക്കുന്നതിനു് ഒരു അന്തരീക്ഷം സൃഷ്ടിക്കുക എന്നുള്ളതാണ്.

ശ്രീ. വി. ഗംഗാധരൻ നായർ: അതിനു് രജിസ്ട്രാർ എന്തു ചെയ്യണമെന്നാണ് പറയുന്നതു്? സഹകരണം കടയിൽനിന്നു വാങ്ങിക്കൊടുക്കുകയാണോ ചെയ്യേണ്ടതു്?

ശ്രീ. കളത്തിൽ വേലായുധൻ നായർ: സഹകരണം കടയിൽനിന്നും വാങ്ങിക്കൊടുക്കുകയല്ല; അവരുടെ ഇടയിൽതന്നെ സഹകരണം ഉണ്ടാക്കണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. ഗംഗാധരൻ നായർ: അതിനെക്കാൾ നല്ലത് സഹകരിക്കാത്ത ആളുകളെ ഉപേക്ഷിക്കുകയല്ലേ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: സംഘത്തിന്റെ പ്രവർത്തനത്തിൽ ഡിപ്പാർട്ടുമെന്റുദ്യോഗസ്ഥന്മാർ പ്രവേശിക്കുന്നത് ശരിയല്ല. എല്ലാവരെയും സഹകരിപ്പിച്ചുകൊണ്ടുപോകുന്നതിനുള്ള ഒരു പദ്ധതി ആവിഷ്കരിക്കുകയാണ് വേണ്ടത്. എന്റെ സ്നേഹിതൻ ഞാൻ പറഞ്ഞതു് മനസ്സിലാക്കാതെയാണ് ചോദ്യം ചോദിക്കുന്നത്. ഈ തത്വത്തെ അടിസ്ഥാനമാക്കി നോക്കുമ്പോൾ മുമ്പ് നിലവിലുള്ള നിയമത്തിൽ വരുത്തിയിട്ടുള്ള ഭേദഗതികൾ എല്ലാ തത്വത്തിലാണെന്ന് മനസ്സിലാക്കാൻ നിവൃത്തിയില്ല. എന്താണെന്നുവച്ചാൽ പ്രവർത്തനദുഷ്യം വരുമ്പോൾ സർക്കാരിന്റെ ഒരു ഡിപ്പാർട്ട്മെന്റല്ലാത്ത ഒരു സഹകരണസംഘത്തെ സർക്കാർ ഭരിക്കുന്ന തരത്തിലാണ് ഇതിലെ വ്യവസ്ഥകൾ. ചില അടിയന്തിരസന്ദർഭങ്ങളിൽ എക്സിക്യൂട്ടീവ് ഉദ്യോഗസ്ഥന്മാർക്ക് ചില അധികാരങ്ങൾ കൊടുക്കേണ്ടിവന്നേക്കും. എന്നാൽ ഇപ്പോൾ കൊടുത്തിരിക്കുന്ന അധികാരങ്ങൾ കൊടുക്കണമോ വേണ്ടയോ എന്നുള്ളതു് വളരെ ആലോചിക്കേണ്ട ഒരു വിഷയമാണ്. കൂടാതെ അടുത്ത കാലത്തു നടന്ന തിരുവിതാംകൂർ–കൊച്ചി സഹകരണസമ്മേളനത്തിൽവച്ച് തിരുവിതാംകൂറിൽ ഒരു സഹകരണനിയമം ഉണ്ടാക്കണമെന്നുണ്ടായ അഭിപ്രായത്തെ തുടർന്ന ഈ രാജ്യത്തു് വളരെക്കാലം സഹകരണപ്രസ്ഥാനത്തിൽ പരിചയം സിദ്ധിച്ചിട്ടുള്ള ആളുകളെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി നിയമിക്കുന്നതിനു് തീരുമാനിക്കുകയും അപ്രകാരം ഒരു കമ്മിറ്റി നിയമിക്കുകയും ചെയ്തിട്ടുണ്ട്. അങ്ങനെ ഒരു കമ്മിറ്റി ഉണ്ടാക്കുന്ന നക്കൽ നിയമത്തെ അടിസ്ഥാനമാക്കി ശ്രീപവൽക്കരിക്കുന്ന ഒരു ബില്ലായിരിക്കും ഇപ്പോൾ കൊണ്ടുവന്നിരിക്കുന്ന ബില്ലിനെക്കാൾ കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കാൻ കഴിയുന്ന നിയമം. സഹകരണവിദഗ്ദ്ധന്മാരുടെ അഭിപ്രായം നോക്കിയാൽ വളരെക്കാലം മുമ്പുതൽത്തന്നെ സൂപ്പർസെഷൻ പവ്വർ ഉൾപ്പെടുത്താൻ പാടില്ലെന്ന് പറഞ്ഞിട്ടുള്ളതായി കാണാം. അതിനുശേഷം ഇപ്പോൾ പുതുതായി കൊണ്ടുവന്നിരിക്കുന്ന ബില്ലിൽ അല്പംകൂടി മുർച്ചകൂട്ടി ആ പവ്വർ കൊടുത്തിരിക്കുന്നതു് തെറ്റാണെന്നാണ് എനിക്കു പറയുവാനുള്ളതു്. ഇതല്ലാതെ മറ്റു മാർഗ്ഗങ്ങളൊന്നുമില്ലേ എന്നു നാം ആലോചിക്കണം. സൂപ്പർസെഷൻ പവ്വർകൊണ്ടേ സാദ്ധ്യമാകൂ എന്നു കാണുന്നപക്ഷം അതിനെക്കാൾ നല്ലത് സംഘംതന്നെ ഇല്ലാതാക്കുകയാണ്. അല്ലാതെ ഒരു ഗവർമ്മെണ്ടു് ഡിപ്പാർട്ടുമെന്റ് എന്ന നിലയിൽ ഭരിച്ചുകൊണ്ടുപോകുന്നതു തെറ്റാണ്. ഏതായാലും ഈ വീക്ഷണഗതിയിൽനിന്നു് മാറി സഹകരണമനോഭാവം ഉൾപ്പെടത്തക്കവിധത്തിൽ ഈ ബിൽ പരിഷ്കരിച്ചാൽ കൊള്ളാമെന്നാണ് ഞാൻ പറയുന്നതു്.

മിസ്റ്റർ ഡെപ്യൂട്ടി സ്പീക്കർ: ഈ സഭ ഇപ്പോൾ പിരിയുന്നതും അടുത്ത തിങ്കളാഴ്ച രാവിലെ ഫൂ മണിക്കു് വീണ്ടും കൂടുന്നതുമാണ്.

The Assembly adjourned at 4-30 p.m. to meet again at 11 a.m. on Monday, the 30th October 1950.

V. KRISHNAMOORTHI AIYAR,
Secretary to the Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly